പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ

805 [1196] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾക്കായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാന ഗവൺമെൻറ് മൊത്തം എത്ര കോടി രൂപ ചെലവാക്കേണ്ടതായി വന്നിട്ടുണ്ട്?

ഉത്തരം

പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനു വേണ്ടിയുള്ള ക്രമീകരണങ്ങൾക്കായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ (1977-78, 1978-79) സംസ്ഥാന ഗവൺമെൻറ് മൊത്തം 27,98,500 രൂപ ചെലവാക്കിയിട്ടുണ്ട്.

കോർപ്പറേഷൻ—മുനിസിപ്പൽ കമ്മീഷണർമാർ

806 [1197] ശ്രീ. പി. പി. വി. മൂസ്സ:
ശ്രീ. കെ. പി. രാമൻ:
ശ്രീ. പി. എം. അബൂബേക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷൻ-മുനിസിപ്പൽ കമ്മീഷണറായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 38 പേർ.

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക താഴെ പറയും പ്രകാരമാണ്.

ഈഴവ	.. 6	
മുസ്ലീം	.. 5	
പുലയ	.. 3	
പുലയ (മലബാർ)	.. 1	(പട്ടിക വർഗ്ഗം)
വാലൻ	.. 1	
ലാറ്റിൻ ക്രിസ്റ്റ്യൻ	.. 3	
ക്രിസ്റ്റ്യൻ	.. 7	
നായർ	.. 9	
ബ്രാഹ്മിൻ	.. 2	
എസ്. ഐ. യു. സി.	.. 1	
ആകെ	38	

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly